## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5569 — 24-05-2017 ൽ മറുപടിയ്ക്ക്

## മലപ്പുറം ഫയർ സർവ്വീസസ് അസി. ഡിവിഷണൽ ഓഫീസിലെ പരിമിതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) മലപ്പുറം ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് അസി. ഡിവിഷണൽ ഓഫീസിലെ പരിമിതികളും അസൗകര്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഫയർ സ്റ്റേഷനോടനുബന്ധിച്ച് ജില്ലാ ഓഫീസുകൂടി പ്രവർത്തിക്കുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **(ബി)&(സി)** ഫയർ സ്റ്റേഷനോടനുബന്ധിച്ച് ജില്ലാ ഓഫീസിന് പുതിയ കെട്ടിടവും, അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ഓഫീസിന് സ്വന്തം കെട്ടിടവും ജീവനക്കാർക്ക് ക്വാർട്ടേഴ്സും നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| സി) ഫയർ സ്റ്റേഷനോടനുബന്ധിച്ച് ആവശ്യമായ സ്ഥലമുള്ളപ്പോൾ ജില്ലാ ഓഫീസിന് സ്വന്തം കെട്ടിടവും ജീവനക്കാർക്കാവശ്യമായ ക്വാർട്ടേഴ്സും നിർമ്മിക്കുവാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ? | |

സെക്ഷൻ ഓഫീസർ